സമുദായ പ്രാതിനിദ്ധ്യം

*വ്യവസ. (ഫ്ര ർ) ശ്രീ. വി. കെ. വല്ലീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഉദ്യോഗനിയമനത്തിൽ സമുദായ പ്രാതിനിദ്ധ്യം ഗവണ്മെൻറ് ഇപ്പോൾ പരിഗണിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു സ്വീകരിക്കുന്ന തത്വം എന്താണു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) അർഹതയുള്ളവരും പൂർണ്ണയോഗ്യതയുള്ളവരുമായ അപേക്ഷകന്മാർ ഉള്ളപ്പോൾ, എല്ലാസമുദായക്കാർക്കും ന്യായമായ അവസരം നൽകുന്നുണ്ടു്.

(ബി) ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ഇൻഡ്യൻ ഭരണഘടന ഭാഗം—൩ വകുപ്പിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

ഭക്ഷ്യധാന്യ നിയന്ത്രണം

*വ്യവ൪ (ഫ ൭) സാഹിബ് ബഹദൂർ എ.മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ?

(എ) ഭക്ഷ്യധാന്യ നിയന്ത്രണം സംബന്ധിച്ചു് അന്വേഷണം നടത്തുവാൻ കേന്ദ്ര കാൺഗ്രസ്സു് പാർട്ടി പണ്ഡിറ്റു് താക്കൂർദാസ് ഭാർഗ്ഗവായുടെ അദ്ധ്യക്ഷതയിൽ നിയമിച്ചിരുന്ന കമ്മറിയുടെ റിപ്പോർട്ട് ഈ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) ഗവണ്മെൻറു് വാങ്ങിക്കഴിഞ്ഞു മിച്ചമുള്ള ഭക്ഷ്യധാന്യങ്ങൾ സ്വതന്ത്രമായി വിൽക്കുവാൻ കർഷകരെ അനുവദിക്കേണ്ടതാണെന്നു ആ കമ്മറി ശുപാർശ ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

GOVERNMENT FARM LABOURERS

*885 (23) **Sri. A. M. Thomas:** Will the Hon'ble the Chief Minister be pleased to state:

(a) Has the Government taken any steps to meet the demands of Government Farm labourers, and

(b) Is it a fact that the wages paid to them are much lower than what an ordinary labourer gets outside?

The Minister for Education Food and Labour **(Sri. T. K. Narayana Pillai:)**

(a) No.

(b) No.

ആയുർവ്വേദാശുപത്രി

*വ്യവസ (൨൨) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവല്ലായിലെ സർക്കാർ ആയുർവ്വേദാശുപത്രിയിൽ ഇപ്പോൾ ദിവസം ശരാശരി എത്ര രോഗികൾ മരുന്നിനായി വരുന്നു;

(ബി) എത്രപേരെ കിടത്തി ചികിത്സിക്കുന്നുണ്ടു്;

(സി) എത്രപേരെ കിടത്തി ചികിത്സിക്കുന്നതിനു് അവിടെ സൌകര്യമുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly